ഉത്തരം

(എ) പട്ടികജാതിക്കാർക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2001-2002 വർഷത്തിൽ വീട് വയ്ക്കുന്നതിന് 35,000 രൂപ വീതവും, 2002-2003 വർഷം മുതൽ 70,000 രൂപ വീതവും നൽകിയിട്ടുണ്ട്. വസ്തു വാങ്ങുന്നതിന് 2001-2002 വർഷം മുതൽ ഗ്രാമപ്രദേശങ്ങളിൽ 19,500 രൂപയും, മുനിസിപ്പാലിറ്റികളിൽ 20000 രൂപയും കോർപ്പറേഷൻ അതിർത്തിയിൽ 25000 രൂപയും നൽകി വരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 19-3-2003 വരെ വീട് വയ്ക്കുന്നതിന് 42000 രൂപയും 20-3-2003- ലെ ജി.ഒ. (ആർ.റ്റി.) 261/03 പ്രകാരം 75,000 രൂപയും നൽകിവരുന്നു. പുനരധിവാസമിഷൻ പട്ടികവർഗ്ഗക്കാരുടെ വീട് വയ്ക്കുന്നതിന് 75,000 രൂപ നൽകിവരുന്നു. വസ്തു വാങ്ങുന്നതിനു 2001-2002 വർഷം മുതൽ 19,500 രൂപയും ഏറ്റവും പിന്നോക്കം നിൽക്കുന്ന ദുർബല വിഭാഗത്തിന് 32,500 രൂപയും നൽകിവരുന്നു.

(ബി&സി) പട്ടികജാതി വികസനവകുപ്പിൽ വീട് വയ്ക്കുന്നതിനും സ്ഥലം വാങ്ങുന്നതിനും ഗ്രാന്റ് നൽകിയതിൽ പരാതി ലഭിച്ചിട്ടുണ്ട്. അർഹതയില്ലാത്തവരെ തെരഞ്ഞെടുത്തതായും, ഗുണഭോക്താക്കൾ തെരഞ്ഞെടുത്ത സ്ഥലം കെട്ടിടനിർമ്മാണത്തിന് അനുയോജ്യമല്ലായെന്നുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ പരാതികളിന്മേൽ അന്വേഷണം നടത്തിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച് ക്രമക്കേട് നടന്നതായ പരാതി ലഭിച്ചിട്ടില്ല. ചോദ്യം ഉദിക്കുന്നില്ല.

മാവിലൻ സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയ നടപടി

143 (1035) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന മാവിലൻ സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനായി മാവിലൻ വിഭാഗത്തിൽപ്പെട്ട ജനങ്ങൾ അധിവസിക്കുന്ന കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകൾക്ക് പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള അലോട്ട്മെന്റിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര തുക വർദ്ധിപ്പിച്ച് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഡി) ഇല്ലെങ്കിൽ ഇതിനായി അലോട്ട്മെന്റ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3-1-2003-ലെ ഇൻഡ്യാഗസറ്റിൽ വിജ്ഞാപനം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗ ഉത്തരവ് (ഭേദഗതി) ആക്ട് 2002 പ്രകാരം മാവിലൻ സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

മുൻഗവൺമെന്റ് ആദിവാസികൾക്ക് നൽകിയ ഭൂമി

144 (1036) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ആദിവാസികൾക്ക് നൽകിയ ഭൂമി വീടുവയ്ക്കുന്നതിനും, കൃഷിചെയ്യുന്നതിനും അനുയോജ്യമായ സ്ഥലമാണോ ;

(ബി) ഇല്ലാത്തപക്ഷം വീടുവയ്ക്കാനും കൃഷി ചെയ്യാനും അനുയോജ്യമല്ലാത്ത എത്ര ഹെക്ടർ സ്ഥലം ഇതിൽപ്പെടുന്നുണ്ടെന്ന് പറയുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആദിവാസികൾക്കായി ഉന്നതാധികാര കമ്മിറ്റി കണ്ടെത്തിയ ഭൂമി

145 (1037) ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് നൽകുന്നതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിന് നിയോഗിച്ച ഉന്നതാധികാര മിഷന്നിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു ;

(ബി) അവർ കണ്ടെത്തിയതിൽ എത്ര ഹെക്ടർ സ്ഥലം ആദിവാസികൾക്ക് നൽകി ; ബാക്കി സ്ഥലം നൽകുന്നതിനുള്ള തടസ്സമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly